ഉത്തരം

(എ)(ബി)&(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

10 (2309) പെൻഷൻപറ്റി പിരിഞ്ഞവർ

ശ്രീ. പി.ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-ലും 1999-ലും സർക്കാർ സർവ്വീസിൽ നിന്നും എത്രപേർ പെൻഷൻപറ്റി പിരിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ;

(ബി) 1998-ലും 1999-ലും പി.എസ്.സി. മുഖേന എത്ര പേർക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

11 (2310) കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർമാരുടെ റാങ്ക് ലിസ്റ്റ്

ശ്രീ. എം.എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർമാരെ തെരഞ്ഞെടുക്കുന്നതിന് പി.എസ്.സി. എന്നാണ് ടെസ്റ്റ് നടത്തിയത്;

(ബി) ടെസ്റ്റിനുശേഷം പ്രാക്ടിക്കൽ ടെസ്റ്റ് എല്ലാ ജില്ലകളിലും പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ആകെ എത്ര ഒഴിവുകളിലേയ്ക്ക് നിയമനം നടത്താൻ വേണ്ടിയാണ് ടെസ്റ്റ് നടത്തിയത്;

(ഡി) റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം നേരിടാൻ എന്താണ് കാരണം എന്ന് അറിയിക്കുമോ;

(ഇ) റാങ്ക് ലിസ്റ്റ് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)മുതൽ(ഇ)വരെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

12 (2311) കാസർഗോഡ് ജില്ലയിലെ സർക്കാർ വകുപ്പുകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിവിധ സർക്കാർ വകുപ്പുകളിലായി ഇപ്പോൾ എത്ര തസ്തികകൾ ഒഴിവുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇവയിൽ എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ പി.എസ്.സി. നിയമനം നടത്തുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്തി ഒഴിവുകൾ താൽക്കാലികമായെങ്കിലും നികത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)(ബി)&(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

13 (2312) കോട്ടയം ജില്ലയിലെ എച്ച്.എസ്.എ. റാങ്ക്ലിസ്റ്റ്

ശ്രീ. പി.സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ മലയാളം മീഡിയം എച്ച്.എസ്.എ. (നാച്ചുറൽ സയൻസ്) തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസ്ദ്ധീകരിച്ചിട്ടുണ്ടോ;

(ബി) ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചത്; ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും;

(സി) ലിസ്റ്റിൽനിന്നും നാളിതുവരെ എത്രപേരെ നിയമിച്ചു;

(ഡി) പുതുതായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഇ) പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ)മുതൽ(ഇ)വരെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

14 (2314) എച്ച്.എസ്.എ, (ഹിന്ദി) തസ്തികയിലേയ്ക്കുള്ള പി.എസ്.സി. റാങ്ക്ലിസ്റ്റ്

ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖാന്തിരം എച്ച്. എസ്.എ.(ഹിന്ദി) തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ലിസ്റ്റിൽനിന്നും നാളിതുവരെ എത്രപേർക്ക് നിയമനം നൽകി;

(സി) ലിസ്റ്റ് എന്നാണ് നിലവിൽവന്നത്; കാലാവധി എന്നവസാനിക്കും;

(ഡി) പുതുതായി ഒഴിവുകൾ റിപ്പോർട്ടുചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഇ) പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly